ശ്രീ. എൻ. രാജഗോപാലൻ നായർ : പത്തനാപുരം ബ്ലോക്കേരുയിൽ നിന്നും ഈ കാര്യത്തെ സംബന്ധിച്ച് എന്തെങ്കിലും നിവേദനം കിട്ടിയിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : നോട്ടീസ് വേണം.

കൊല്ലം മുനിസിപ്പാലിറ്റി വികസനം.

* 1472. [34] ശ്രീ. കെ. കരുണാകരൻ : * താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം മുനിസിപ്പാലിറ്റി വികസിപ്പിക്കുന്നതിനെ സംബന്ധിച്ച് ഗവണ്മെൻറിനു നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വികസനത്തെ സംബന്ധിച്ച് എന്തു നടപടികളാണ് ഇതിനകം ഗവണ്മെൻറ് എടുത്തിട്ടുള്ളത് ?

തൊഴിലും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) ഉണ്ട്.

(ബി) പഞ്ചായത്ത് ഡിലിമിറ്റേഷൻ കമ്മിറ്റിയുടെ ശുപാർശകളിന്മേൽ ഗവണ്മെൻറ് തീരുമാനം എടുക്കുന്നതുവരെ മാറ്റി വച്ചിരിക്കുകയാണ്.

പ്ലാന്റേഷൻ തൊഴിലാളി യൂണിയൻ.

* 1473. [35] ശ്രീ. കെ. കൃഷ്ണമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പ്ലാന്റേഷനുകളിൽ എത്ര തൊഴിലാളിയൂണിയനുകളാണ് ഉള്ളത് ; എല്ലാ യൂണിയനുകളിലും കൂടി മെമ്പർഷിപ്പ് എത്ര ;

(ബി) ഈ തൊഴിലാളിയൂണിയനുകളിൽ എത്രയെണ്ണം എ. ഐ. ടി. യു. സി. യിൽ എത്രയെണ്ണം ഐ. എൻ. ടി. യു. സി യിൽ എത്രയെണ്ണം എച്ച്. എം. എസ്സിൽ എത്രയെണ്ണം യു. ടി. യു. സിയിൽ അഫിലിയേറ്റ് ചെയ്തിട്ടുണ്ട് ; ഓരോന്നിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർഷിപ്പ് എത്ര ;

(സി) ഏതു കേന്ദ്രസംഘടനയിലാണ് ഏറ്റവും അധികം മെമ്പർഷിപ്പ് അഫിലിയേറ്റ് ചെയ്തിട്ടുള്ളത് ?

തൊഴിലും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) 122. ഇവയിൽ 68 യൂണിയനുകളിലായി 89100 മെമ്പർഷിപ്പുണ്ട്.

(ബി,സി) പൂർണ്ണവിവരങ്ങൾ കിട്ടീട്ടില്ല.

മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ റിക്രൂട്ടുമെൻറ്, പ്രമോഷൻ മുതലായവ

* 1474. [37] ശ്രീ എൻ. രാജഗോപാലൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ റിക്രൂട്ടുമെൻറ്, പ്രമോഷൻ കൺഫർമേഷൻ എന്നിവ ജില്ലാ നിലവാരത്തിൽ നടത്തുന്നതിനു വകുപ്പധ്യക്ഷന്മാരുടെ അഭിപ്രായം ആരാഞ്ഞുകൊണ്ട് ഗവണ്മെൻറ് എഴുതീട്ടുണ്ടോ ;

* As the member was absent the question was put by Shri K. Bhargavan with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly